

FRIDAY

20-05-2022

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Sunilkumar R

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/05/2022.

1. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിയ്ക്കുവാനായി കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചു. കൺട്രോൾ റൂം ഫോൺ നമ്പരുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 9383470086 | 9383470092 |
| കൊല്ലം | 9447104855 | 7907935033 |
| പത്തനംതിട്ട | 9495734107 | 9495606930 |
| കോട്ടയം | 9383470704 | 9249500168 |
| ആലപ്പുഴ | 8848017609 | 9447400212 |
| എറണാകുളം | 9383471150 | 9383471180 |
| തൃശ്ശൂർ | 9383473242 | 9383473536 |
| പാലക്കാട് | 9447359453 | 9447839399 |
| മലപ്പുറം | 9400000914 | 9446474275 |
| കോഴിക്കോട് | 8547802323 | 9847402917 |
| ഇടുക്കി | 9447232202 | 9447447705 |
| വയനാട് | 9446367312 | 9383471915 |
| കണ്ണൂർ | 9383472028 | 9495326950 |
| കാസർഗോഡ് | 9383471961 | 9383471965 |

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വ്യാപകമായ മഴക്കെടുതിമൂലം കൃഷിയിടങ്ങളിൽ അടിയന്തിരമായി കൈക്കൊള്ളേണ്ട പരിപാലന മുറകൾ, കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനും, സംശയ നിവാരണങ്ങൾക്കുമായി കർഷകർക്കായി ഓൺലൈൻ ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നു. കൃഷി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ താഴെ പറയുന്ന അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്നതാണ്.

| | |
|---|---|
| നീരജ സി. ആർ - അസിസ്റ്റന്റ് പ്രൊഫസർ (വിള പരിപാലനം – അഗ്രോണമി) | 9496303221 |
| അനൂപ് കൃഷ്ണൻ - അസിസ്റ്റന്റ് പ്രൊഫസർ (വിള പരിപാലനം – ഹോർട്ടികൾച്ചർ) | 9497485324 |
| ഡോ. ദീപ ജയിംസ് - അസിസ്റ്റന്റ് പ്രൊഫസർ (രോഗകീട നിയന്ത്രണം) | 9961433467 |
| ഡോ. പ്രീതി ഉണ്ണിത്താൻ - അസിസ്റ്റന്റ് പ്രൊഫസർ (മൃഗ സംരക്ഷണം) | 9447654148 |
| ഡോ. അപർണ രാധാകൃഷ്ണൻ - അസിസ്റ്റന്റ് പ്രൊഫസർ (കാർഷിക വിജ്ഞാന വ്യാപനം), | 8468990086 |
| ഡോ. അനീന ഇ.ആർ. – അസോസിയേറ്റ് പ്രൊഫസർ (ഹോം സയൻസ്), | 9495668850 |
| ഡോ. സുമ നായർ- അസിസ്റ്റന്റ് പ്രൊഫസർ (അഗ്രി. എൻജിനിയറിങ്), | 9446157139 |

3. ഫെഡറേഷൻ ഓഫ് ഇൻഡിജിനസ് എപ്പികൾച്ചറിസ്റ്റ്സിന്റെ (ഫിയ) നേതൃത്വത്തിൽ ഇന്ന് (മേയ് 20) ലോക തേനീച്ച ദിനാഘോഷം സംഘടിപ്പിക്കുന്നു. ഫിയ ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനോടൊപ്പം തേനീച്ച വളർത്തൽ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ചെയ്യും. ജൈവ വൈവിധ്യം സംരക്ഷിക്കാൻ തേനീച്ചകൾ ചെയ്യുന്ന സേവനത്തെക്കുറിച്ച് ലൈവ് ഓൺ ലൈൻ സ്ട്രീമിംഗും ഉണ്ടായിരിക്കുന്നതാണ്. https://meet.google.com/fsp-pdos-ngw ലോഗിൻ ചെയ്യാം. ഇന്ന് (മെയ് 20) രാവിലെ 10 മണിയ്ക്ക് ഓൺലൈൻ പ്ലാറ്റ്ഫോം വഴി ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിൽ മുൻ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. റ്റി. പി. രാജേന്ദ്രൻ തേനീച്ച ദിനാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കും.

4. ജൂൺ ഒന്ന് ക്ഷീരദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് ( മേയ് 27) രാവിലെ 10 മണി മുതൽ ജില്ലയിലെ യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി പെയിന്റിംഗ്, ചിത്രരചന, ഉപന്യാസരചന എന്നീ വിഭാഗങ്ങളിൽ മത്സരങ്ങൾ

നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ ഈ മാസം 21 നു (മേയ് 21) വൈകിട്ട് 4 മണിക്ക് മുമ്പായി **0471-2440911** എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. മത്സരാർത്ഥികൾ സ്കൂൾ ഐഡന്റിന്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് ജൂൺ ഒന്നിന് വിതരണം നടത്തുന്നതാണെന്നും പട്ടം ക്ഷീര പരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും 2022 വർഷത്തെ പാൽ കാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നാളെ (മേയ് 21) വരെ ഫാം ഓഫീസിൽ നിന്നും രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 വരെ നൽകുന്നതാണ്. ആവശ്യമുള്ളവർ റേഷൻ കാർഡുമായി നേരിട്ട് ഓഫീസിൽ എത്തണമെന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ട് അറിയിക്കുന്നു.

6. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഉത്പാദിപ്പിക്കുന്ന വിവിധ ചിക്കൻ ഉത്പന്നങ്ങൾ വിൽക്കുന്നതിന് തിരുവനന്തപുരം നഗരത്തിലെ പ്രധാന സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രം ആരംഭിച്ചു. കെപ്കോ ഉത്പന്നങ്ങൾ സെക്രട്ടറിയേറ്റിൽ വൈകിട്ട് 3.30 മുതൽ 4 വരെയും വികാസ്ഭവനിൽ വൈകിട്ട് 4.15 മുതൽ 5.15 വരെയും വഴുതയ്ക്കാട് വൈകിട്ട് 5.30 മുതൽ 6 വരെയും ഓഫീസ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000924, 9074893474** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. ലോക തേനീച്ച ദിനത്തോടനുബന്ധിച്ച് പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (മേയ് 20, 21) **തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 35 പേർക്കാണ് അവസരം. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466-2912008** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25-ന് (മേയ് 25) **ശാസ്ത്രീയ ചിപ്പിക്കൂൺകൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ

പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 4.30 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രാവിലെ 9.30-ന് ഹാജരാകേണ്ടതാണ്.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25-ന് (25/05/22) രാവിലെ 10 മണി മുതൽ **കാടവളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

10. കാർഷികസർവകലാശാലയിലെ തൃശ്ശൂർ പ്രവർത്തിക്കുന്ന കാർഷിക കാലാവസ്ഥവിഭാഗം ഗ്രാമീൺ കൃഷി മൗസം സേവ നൽകുന്ന നിർദേശങ്ങൾ താഴെ ചേർക്കുന്നു.

ജില്ലയിൽ ഇന്ന് സാമാന്യം ഭേദപ്പെട്ട മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയുള്ളതിനാൽ വാഴകൾക്ക് ആവശ്യത്തിനു താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക, മഴക്കാലരോഗങ്ങളിൽ നിന്നും കന്നുകാലികളെ സംരക്ഷിക്കാൻ തൊഴുത്തും പരിസരപ്രദേശവും വെള്ളക്കെട്ടില്ലാതെ വൃത്തിയായി സൂക്ഷിക്കുക, കോഴിക്കൂട് ഈർപ്പമില്ലാതെ നിലനിർത്താനായി കൂട്ടിലെ പഴയ അറയ്ക്കപൊടി ഇടയ്ക്കു ഇളക്കുകയും, പുതിയ അറയ്ക്കപൊടി ഉപയോഗിക്കുകയും ചെയ്യുക, കൃഷിയിടങ്ങളിൽ പ്രതേകിച്ച് കൊയ്ത്തുകഴിയാത്ത പാടങ്ങളിൽ നിലവിലുള്ള നീർവാർച്ച സൗകര്യങ്ങൾ മെച്ചപെടുത്തുക. ഇന്ന് കണ്ണൂർ, കോഴിക്കോട്, കാസർകോട് വയനാട്, ജില്ലകളിൽ റെഡ് അലർട്ടും, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിരിക്കുന്നു. അതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ച് നദികളുടെ പരിസര പ്രദേശങ്ങളിൽ വെള്ളക്കെട്ടിനു സാധ്യതയുള്ള സ്ഥലങ്ങളിൽ പ്രാദേശികമായ മുൻകരുതലുകൾ കൈകൊള്ളേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം